# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6120 — 10.7.2012-ൽ മറുപടിയ്ക്ക്

### ഹൈടെക് കൃഷി രീതിയിൽ പരിശീലനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>,, സണ്ണി ജോസഫ്<br>,, എം. എ വാഹീദ്<br>,, ലൂഡി ലൂയിസ് | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തെരഞ്ഞെടുക്കുന്ന കർഷകർക്ക് ഹൈടെക് കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) കർഷകർ ,കൃഷി ഓഫീസർമാർ, കാർഷിക ഇഞ്ചിനീയർമാർ എന്നിവർക്ക് ഹൈടെക് കൃഷി രീതികളിൽ പരിശീലനം നൽകുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) പ്രസ്തുത കൃഷി പ്രചരിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം; | (ബി) ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ മേഖലകളിൽ 21 ഉം കർഷകരുടെ കൃഷി സ്ഥലങ്ങളിൽ 63 ഉം പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഹോർട്ടികൾച്ചർ മിഷൻ ഉദ്ദേശിക്കുന്നു. ഹൈടെക് കൃഷി പ്രചരിപ്പിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം 500 ച.മീ വീതമുള്ള 12 പോളി ഹൗസുകൾ 75 ശതമാനം സബ്സിഡിയിൽ സ്ഥാപിക്കുവാൻ വി.എഫ്.പി.സി.കെ. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 38 ഏക്കറിൽ പ്രിസിഷൻ ഫാമിംഗ് ഏക്കറിന് 75000 രൂപയുടെ ധനസഹായത്തോടെ നടപ്പിലാക്കുവാനും അനുമതി നൽകിയിട്ടുണ്ട്. |
| (സി) ഓരോ പഞ്ചായത്തിലും ഇതിനായി ഗ്രീൻ ഹൗസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഓരോ പഞ്ചായത്തിലും 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 3 വീതം ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ഹോർട്ടികൾച്ചർ മിഷന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ